T. John & HDFC Life tie-up

# എച്ച്ഡിഎഫ്സി ലൈഫും ടിംസും ധാരണയിൽ

കൊച്ചി: ടി ജോൺ കോളേജ് ഓഫ് മാനേജ് മെന്റ് സ്റ്റഡീസിലെ (ടിംസ്) വിദ്യാർഥികൾക്ക് ഇൻഷ്വറൻസ് ബിസിനസിൽ പരിശീലനം ലഭ്യമാക്കുന്നതിന് ടിംസും എച്ച്ഡിഎഫ്സി സ്റ്റാൻഡേർഡ് ലൈഫും ധാരണാ പത്രത്തിൽ ഒപ്പുവച്ചു. അവസാന വർഷ എംബിഎ വിദ്യാർഥികൾക്കാണ് രണ്ട് മാസത്തെ കോഴ്സിൽ ചേരാനവസരം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പഠനം കഴിഞ്ഞ ഉടനെ എച്ച്ഡിഎഫ്സി സ്റ്റാൻഡേർഡ് ലൈഫിൽ സെയിൽസ് ഡവലപ്മെന്റ് മാനേജരായി പ്രവേശിക്കാം.

ധാരണാ പത്രത്തിൽ ടി ജോൺ ഗ്രൂപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്യാമ്പസ് ഡയറക്ടർ വിങ് കമാണ്ടർ സാംബശിവനും എച്ച്ഡിഎഫ്സി സ്റ്റാൻഡേർഡ് ലൈഫ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് (എച്ച് ആർ) രാജേന്ദ്ര ഗാഗും ഒപ്പുവച്ചു. ടി ജോൺ ഗ്രൂപ്പ് ചെയർമാൻ ഡോ. തോമസ് പി ജോൺ, ടി ജോൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് സയൻസ് പ്രിൻസിപ്പൽ ടി ശ്രീധരൻ, എച്ച്ഡിഎഫ്സി സ്റ്റാൻഡേർഡ് ലൈഫ് സീനിയർ എച്ച് ആർ മാനേജർ സത്യനാരായണ എന്നിവരും സംബന്ധിച്ചു.